# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

## വാർഡ് 7

## മൊട്ടന്തര

## കായണ്ണ പഞ്ചായത്ത്

## കോഴിക്കോട് ജില്ല

## ആമുഖം

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്തുകയും വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത്തായ പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണജനത ബുദ്ധിമുട്ട് അനുഭവിക്കുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിൽ എങ്കിലും ഉറപ്പുവരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു എന്നുള്ളതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ഈ പദ്ധതി കൊണ്ട് രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്ന നിശ്ചിത കാലയളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും, നിർണയിക്കപ്പെട്ട ഇരിക്കുന്ന വേദനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നതിന് ഉറപ്പുവരുത്തുന്നതിനും തൊഴിലുറപ്പ് നിയമം 2005 ആഗസ്റ്റ് 23 ആം തീയതി ആണ് പാർലമെന്റ് ഈ നിയമം പാസാക്കുന്നത്. വയനാട് പാലക്കാട് ജില്ലകളിലാണ് ആദ്യമായി തൊഴിലുറപ്പ് പദ്ധതി തുടക്കമിട്ടത്. ശേഷം മറ്റു ജില്ലകളിലേക്ക് വ്യാപിക്കുകയായിരുന്നു.

തൊഴിലും വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കണം എന്നുള്ളത് ഈ നിയമത്തിന്റെ സവിശേഷതയാണ്. തൊഴിൽ ആവശ്യപ്പെടുന്ന വർക്ക് 15 ദിവസത്തിനുള്ളിൽ എങ്കിലും തൊഴിൽ നൽകിയിരിക്കണം എന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ടായിരിക്കും. ഇതുപോലെതന്നെ എടുത്ത തൊഴിലിനെ വേതനം 14 ദിവസത്തിലതികം വൈകിയാൽ വൈകുന്ന ഓരോ ദിവസത്തിനും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. ഇത് തൊഴിലുറപ്പുപദ്ധതി മറ്റൊരു സവിശേഷതയാണ്.

2007 മെയ് 15ന് 130 ജില്ലകളിലേക്ക് കൂടി വ്യാപിച്ചു. ഇടുക്കി, കാസർകോട് ഇതിൽ ഉൾപ്പെടുന്നവയാണ്. 2008 ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിച്ചു. ഇന്ത്യയിലെ എല്ലാ ഗ്രാമീണ പ്രദേശങ്ങളിലും ഈ പദ്ധതി നിലവിലുണ്ട്. കൂടാതെ നഗരപ്രദേശങ്ങളിൽ ഈ പദ്ധതി അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എന്ന പേരിലും അറിയപ്പെടുന്നു നു. ഇത് കേരളത്തിലെ എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും നഗര ദാരിദ്ര ലഘൂകരണ ത്തിന് നടപ്പിൽ വരുത്തുന്ന പദ്ധതിയാണ്.

ദാരിദ്ര്യ നിർമാർജനത്തിന് വഴിത്തിരിവ് സൃഷ്ടിച്ച ഒരു പദ്ധതി എന്ന നിലയിൽ 2009 ഒക്ടോബർ രണ്ടാം തീയതി കേന്ദ്രസർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന് നാമകരണം ചെയ്യുകയുണ്ടായി.

## മുഖ്യ ലക്ഷ്യങ്ങൾ

. അവിദഗ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്ന അതോടൊപ്പം ഗുണമേന്മയുള്ളതും താഴെ ആയിട്ടുള്ളതും ഉൽപാദനക്ഷമതവുമായ ആസ്തികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.

. ദരിദ്രരുടെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തൽ.

. സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങ്ളേയും പദ്ധതിയിൽ ഉൾപ്പെടുത്തുക.

. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

## സവിശേഷതകൾ

. നിയമനത്തിന്റെ പിൻബലത്തിൽ ഉള്ള അവകാശാധിഷ്ഠ പദ്ധതി

. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18വയസ്സ് പൂർത്തിയായ ഏതൊരു ആൾക്കും പദ്ധതിയിൽ പങ്കാളിയാകാം

. സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യവേതനം

. പാരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യം വികസനം എന്നിവയ്ക്ക് മുൻഗണന

. തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുക ആസൂത്രണ പ്രക്രിയയിൽ പങ്കാളികളാകാനും അവസരം

. ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത

. കരാറുകാരുടെ ഇടനിലക്കാരോ ഇല്ല

. പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്

. ബാങ്ക് അഥവാ പോസ്റ്റ് വഴി മാത്രം വേതന വിതരണം

. സ്ത്രീകൾക്ക് മുൻഗണന

. കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം

. ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു( സോഷ്യൽ ഓഡിറ്റ് സംവിധാനം)

. പരാതി പരിഹാര സംവിധാനം

# കായണ്ണ ഗ്രാമപഞ്ചായത്ത്

പേരാമ്പ്ര ബ്ലോക്കിൽ ഉൾപ്പെടുന്ന കായണ്ണ ഗ്രാമപഞ്ചായത്ത് നല്ല രീതിയിലുള്ള തൊഴിലുറപ്പ് പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നു. പദ്ധതി നടത്തിപ്പിനായി ബ്ലോക്ക് തലത്തിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ജോയിന്റ് bdo, അക്രെഡിറ്റഡ് എഞ്ചിനീയർ, അക്കൗണ്ടന്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരും പഞ്ചായത്ത് തലത്തിൽ സെക്രട്ടറി. അസിസ്റ്റന്റ് സെക്രട്ടറി അക്രെഡിറ്റഡ് എഞ്ചിനീയർ ഓഫീസർ, അക്കൗണ്ടന്റ് ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരും അവരുടെ സേവനം ഈ പദ്ധതിക്കുവേണ്ടി നൽകുന്നു. 2008 19 വർഷത്തിൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | കായണ്ണ |
| വിസ്തീർണ്ണം | 18.83 ച. കി. മി. |
| ജില്ലാ പഞ്ചായത്ത് | കോഴിക്കോട് |
| താലൂക്ക് | കൊയിലി |
| വാർഡുകൾ | 13 |
| തൊഴിൽ കാർഡ് ഉടമകൾ | 3270 |
| സജീവ തൊഴിലാളികൾ | 2975 |
| നിഷ്ക്രിയ തൊഴിലാളികൾ | 295 |
| കുടുംബങ്ങൾക്ക് നൽകിയ തൊഴിൽദിനങ്ങൾ | 171983 |
| ആകെ തൊഴിലെടുത്ത കുടുംബം | 2160 |

| വിവരങ്ങൾ | ജില്ലാതലം | ബ്ലോക്ക് തലം | പഞ്ചായത്ത് തലം |
|---|---|---|---|
| സൃഷ്ടിച്ച തൊഴിൽദിനങ്ങൾ | 83.05( ലക്ഷം) | 1622067 | 496 |
| കുടുംബങ്ങൾക്ക് നൽകിയിരിക്കുന്ന ശരാശരി തൊഴിൽദിനങ്ങൾ | 57.58( ലക്ഷം) | 63.38( ലക്ഷം) | 7958 |
| 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ച തൊഴിൽദിനങ്ങൾ | 38300 | 6677 | 939 |
| ആകെ തൊഴിലെടുത്ത് കുടുംബങ്ങൾ | 1.44( ലക്ഷം) | 23737 | 2161 |
| ആകെ തൊഴിലെടുത്ത തൊഴിലാളികൾ | 1.6( ലക്ഷം) | 28211 | 2975 |
| ആകെ തൊഴിൽദിനങ്ങൾ sc തൊഴിലാളികൾക്ക് ശതമാനത്തിൽ | 10.18 % | 12.44 % | 96 % |

തൊഴിലാളികൾക്ക് 10 അവകാശങ്ങൾ പ്രധാനം ചെയ്യുന്നു അവ ഏതൊക്കെ എന്ന് ചുവടെ ചേർക്കുന്നു

1. തൊഴിൽ കാർഡ് ലഭിക്കുവാൻ ഉള്ള അവകാശം

2. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാൻ ഉള്ള അവകാശം. ആയതിനെ കൈപ്പറ്റ് രസീത് ലഭിക്കുവാൻ ഉള്ള അവകാശം.

3. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം( ആദ്യത്തെ 30 ദിവസം കൂലിയുടെ 1/4 & പിന്നീടുള്ള ദിവസങ്ങളിൽ1/2 ഭാഗം)

4. സെൽഫ് പ്രൊജക്ട് തയ്യാറാക്കുവാൻ ഉള്ള അവകാശം

5. അഞ്ചു കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശം അല്ലെങ്കിൽ വേതനത്തിന് 10% അധികം

6. കുടിവെള്ളം, വിശ്രമ സൗകര്യം, പ്രഥമ ശുശ്രൂഷ  സൗകര്യം ശിവ ലഭിക്കുന്നതിനുള്ള അവകാശം

7. 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം

8. വേദന വിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാൻ ഉള്ള അവകാശം

9. സമയബന്ധിതമായി ഉള്ള പരാതി പരിഹാരത്തിനുള്ള അവകാശം

10. സോഷ്യൽ ഓഡിറ്റ് നടത്താനുള്ള അവകാശം

**അവകാശങ്ങളുമായി ബന്ധപ്പെട്ട തൊഴിലാളികളിൽ നിന്നും ചോദിച്ചറിഞ്ഞ് വിവരങ്ങൾ**

## * തൊഴിൽ കാർഡ്

സഞ്ജീവ് തൊഴിലാളികൾക്ക് പുതിയ തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. എന്നാൽ ഞങ്ങൾ സന്ദർശിച്ച് പ്രദേശത്തെ മിക്ക തൊഴിലാളികളും തൊഴിൽ കാർഡിലും പഞ്ചായത്തിലെ സീൻ തുടങ്ങിയവ കാണുവാൻ സാധിച്ചിട്ടില്ല.

തൊഴിൽ കാർഡിൽ നൽകിയിരിക്കുന്ന ഫോട്ടോ സ്വന്തം ചെലവിലാണ് അവർ എടുത്തതെന്ന് അഭിപ്രായപ്പെട്ടു.

## * തൊഴിൽ അപേക്ഷ

പോസ്റ്റ് പ്രവർത്തികൾക്കായി തൊഴിലാളികൾ ഇതുവരെ വ്യക്തിപരമായി അപേക്ഷ നൽകിയിട്ടില്ല. തൊഴിലിന് അപേക്ഷിച്ച് 14 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാത്ത സാഹചര്യം പലപ്പോഴായി ഉണ്ടാകാറുണ്ടെന്ന് തൊഴിലാളികളിൽ നിന്നുമുള്ള അഭിമുഖസംഭാഷണത്തിൽ അറിയുവാൻ സാധിച്ചു. എന്നാൽ ഈ സാഹചര്യത്തിൽ തൊഴിലില്ലായ്മ വേദന ഇതുവരെ ലഭിച്ചിട്ടില്ല എന്നും ഇവരിൽ നിന്നും അറിയുവാൻ കഴിഞ്ഞു.

## * കൂലി നഷ്ട പരിഹാരം

തൊഴിലുറപ്പ് നിയമപ്രകാരം പ്രവർത്തി കഴിഞ്ഞ 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കേണ്ട അവകാശം തൊഴിലാളികൾക്ക് ഉണ്ട്. തൊഴിലാളികളും ആയുള്ള അഭിമുഖത്തിന് ഭാഗമായി അറിയാൻ കഴിഞ്ഞത് കഴിഞ്ഞ പണിയുടെ പുലി ഇതുവരെ ലഭിച്ചിട്ടില്ല എന്നതാണ്.

## * തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ

കുടിക്കുവാനുള്ള വെള്ളം വിശ്രമ സൗകര്യം പ്രഥമശുശ്രൂഷ സൗകര്യം ക്രഷ് എന്നിവ തൊഴിൽ സ്ഥലത്ത് ലഭിക്കേണ്ടതുണ്ട് തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ 2 para 23-28 കേന്ദ്ര വാർഷിക മാസ്റ്റർ സർക്കുലർ 8, 8.2 അനുശാസിക്കുന്നുണ്ട്. തൊഴിലാളികളുമായി ഉള്ള സംഭാഷണത്തിൽ അറിയാൻ കഴിഞ്ഞത്. പ്രവർത്തി സ്ഥലത്ത് വേണ്ട സൗകര്യങ്ങൾ ഒന്നും തന്നെ ലഭിച്ചിരുന്നില്ല എന്നും തൊഴിലാളികൾ തന്നെ വെള്ളം കൊണ്ടുവരുകയാണ് എന്നാണ് അറിയാൻ കഴിഞ്ഞത്. പ്രഥമ ശുശ്രൂഷ കിറ്റുകൾ തണൽ എന്നിവ പണി സ്ഥലങ്ങളിൽ ലഭ്യമായിട്ടില

### * സെൽഫ് പ്രൊജക്റ്റ് തയ്യാറാക്കുവാൻ ഉള്ള അവകാശം

ഷെൽഫ് പ്രോജക്ടിലെ വിഭാഗം ഫണ്ണി കളിലും തൊഴിലാളികളുടെ പങ്കാളിത്തം ഉണ്ടാകാറില്ല.

***  അഞ്ചു കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം**

തൊഴിലുറപ്പ് നിയമം ഷെഡ്യൂ2 para18 കേന്ദ്ര വാർഷിക സർക്കുലർ ചാപ്റ്റർ 17 എന്നിവയിൽ തൊഴിലാളികൾക്ക് അഞ്ച് കിലോമീറ്റർ ചുറ്റളവിൽ തൊഴിൽ ലഭിക്കണമെന്ന് അനുശാസിക്കുന്നു. വാർഡിലെ മുഴുവൻ തൊഴിലാളികൾക്കും അഞ്ചു കിലോമീറ്ററിനുള്ളിൽ തന്നെ തൊഴിൽ ലഭിക്കുന്നുണ്ടെന്ന് തൊഴിലാളികൾ അറിയിച്ചു.

***  സമയബന്ധിതമായി ഉള്ള പരാതി പരിഹാരത്തിനുള്ള അവകാശം**

പരാതികൾ രേഖപ്പെടുത്തിയിരിക്കുന്ന പരാതി രജിസ്റ്ററിൽ യാതൊരു പരാതിയും കാണുവാൻ സാധിച്ചിട്ടില്ല.

***  സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം**

തൊഴിലുറപ്പ് നിയമം സെക്ഷൻ17(2) സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി പ്രത്യേക കമ്മിറ്റി നിലവിലുണ്ട്  എന്ന് ഫീൽഡ് പരിശോധനയിൽ മനസ്സിലായി. കമ്മറ്റി അംഗങ്ങൾ ഫീൽഡ് പരിശോധന നടത്താറില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. ഫയലുകളിൽ ഒന്നുംതന്നെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തിയതിന്റെ കോപ്പി കാണുവാൻ സാധിച്ചിട്ടില്ല.

## 7 രജിസ്റ്റർ പരിശോധന

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം താഴെപ്പറയുന്ന 7 രജിസ്റ്ററുകൾ നിർബന്ധമായും ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്

1. തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ
2. ഗ്രാമസഭാ രജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ
4. പ്രവർത്തിയുടെ ലിസ്റ്റും ചെലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ
5. സ്ഥിര ആസ്തികളുടെ രജിസ്റ്റർ
6. പരാതി രജിസ്റ്റർ
7. സാധന രജിസ്റ്റർ

2018-19 സാമ്പത്തികവർഷത്തെ രജിസ്റ്ററുകൾ പരിശോധിച്ചപ്പോൾ, പരാതി രജിസ്റ്ററിൽ യാതൊരു വിധത്തിലുള്ള പരാതികളും രജിസ്റ്ററിൽ കാണാൻ കഴിഞ്ഞിട്ടില്ല. കൂടാതെ ഗ്രാമസഭ രജിസ്റ്ററും തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ എന്നിവയും കാണാൻ കഴിഞ്ഞിട്ടില്ല.

കേന്ദ്ര സർക്കാർ നിർദേശപ്രകാരം ഒരു വർക്ക് ഫയലിൽ താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്

- കവർപേജ്
- ചെക്ക് ലിസ്റ്റ്
- ആക്ഷൻ പ്ലാൻ/ ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി
- സാങ്കേതിക എസ്റ്റിമേറ്റും ഡീറ്റെയിൽസും  അടങ്ങിയ സാങ്കേതിക അനുമതിയുടെ കോപ്പി
- ഭരണാനുമതി കോപ്പി
- സാങ്കേതികാനുമതി കോപ്പി
- സംയോജിത പദ്ധതി വിശദാംശങ്ങൾ
- തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ
- തൊഴിൽ അനുവദിച്ചുകൊണ്ടുള്ള രേഖയുടെ കോപ്പി
- പൂരിപ്പിച്ച മസ്റ്റർ റോളിന്റെ  കോപ്പി
- മെഷർമെന്റ് ബുക്കിന്റെ  കോപ്പി
- സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരറ്റീവ് സ്റ്റേറ്റ്മെന്റിന്റെയും മെറ്റീരിയൽ സപ്ലൈ ഓർഡറിന്റെയും  കോപ്പി
- വെയ്ജ്  ലിസ്റ്റ് കോപ്പി
- വേതനത്തിന്റെയും  സാധനങ്ങൾക്ക് പണമടച്ചത്തിന്റെയും FTO യുടെയും കോപ്പി
- മെറ്റീരിയൽ വൗച്ചറിന്റെയും  ബില്ലുകളുടെയും കോപ്പി
- തൊഴിലിന്റെ  മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോകൾ
- പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് കോപ്പി
- മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ്
- ആസ്തിയുടെ ജിയോൺ ടാഗ്  ഫോട്ടോകൾ
- സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി
- സൈറ്റ് ഡയറി

## കണ്ടെത്തലുകൾ

ഫയൽ പരിശോധനയ്ക്കിടയിൽ സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺ കണ്ടെത്തുവാൻ സാധിച്ച വസ്തുതകൾ താഴെ ചേർക്കുന്നു.

1. **കവർപേജ്**

പ്രവൃത്തിയുമായി ബന്ധപ്പെട്ട പൊതു വിവരങ്ങൾ ഉൾക്കൊള്ളുന്ന രേഖയാണ് കവർപേജ്.

പരിശോധിച്ച 13 ഫയലുകളിലും AMC പ്രകാരമുള്ള കവർ പേജ് കാണുവാൻ സാധിച്ചില്ല.

2. **ചെക്ക് ലിസ്റ്റ്**

ഒരു പ്രവൃത്തി ഫയലിൽ ക്രമപ്രകാരം ഏതൊക്കെ രേഖകൾ എവിടെ, ഏത് പേജിൽ സൂക്ഷിച്ചിരിക്കുന്നു എന്നു മനസ്സിലാക്കുവാനുള്ള രേഖയാണ് ചെക്ക് ലിസ്റ്റ്.

പരിശോധിച്ച 13 ഫയലുകളിലും കണ്ടന്റ് അടങ്ങിയ ചെക്ക് ലിസ്റ്റ് കാണുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഫീൽഡ് തല ചെക്ക്ലിസ്റ്റ് എല്ലാ ഫയലുകളിലും കണ്ടു. എന്നാൽ ചില ഭാഗങ്ങൾ ഫിൽ അല്ലായിരുന്നു.

3. **ആന്വൽ ആക്ഷൻ പ്ലാൻ**

പ്രസ്തുത പ്രവർത്തി പഞ്ചായത്തിലെ നടപ്പ് സാമ്പത്തിക വർഷത്തിലെ ആനുവൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതാണ് എന്നു തെളിയിക്കുന്ന രേഖയാണിത്. 13 ഫയലുകളുടെ പരിശോധനയിൽ ആനുവൽ ആക്ഷൻ പ്ലാൻ കാണാൻ സാധിച്ചില്ല.

4. **ഭരണാനുമതി**

പ്രവർത്തി ചെയ്യുന്നതിന് നിർവഹണ സ്ഥാപനം നൽകുന്ന ഭരണാനുമതി യാണ് ഭരണാനുമതി രേഖ. ന്യൂ പരിശോധിച്ച13 ഫയലുകളിലും ഈ ഒരു രേഖ കാണുവാൻ കഴിഞ്ഞിട്ടുണ്ട്.

5. **സാങ്കേതികാനുമതി**

ഒരു പ്രവർത്തിക്കു സാങ്കേതിക വിദഗ്ധരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നുള്ളതിന്റെ ആധികാരിക രേഖയാണ് സാങ്കേതികാനുമതി. 12 ഫയലുകളിൽ സാങ്കേതിക അനുമതി ഫോം കാണുവാൻ സാധിച്ചു. കാരകുളങ്ങര ചോലക്കൽ റോഡ് നിർമ്മാണം(wc: 1604009004/RC/279853)എന്ന ഫയലിൽ കാണുവാൻ സാധിച്ചില്ല.

6. **സംയോജിത പദ്ധതി**

പരിശോധിച്ച 13 ഫയലുകളിൽ 1ഫയൽ സംയോജിത പദ്ധതിയിൽ പെടുന്നവയാണ്.

* കാരകുളങ്ങര ചോലക്കൽ റോഡ് നിർമ്മാണം

7. **തൊഴിലിനുള്ള അപേക്ഷ**

പരിശോധിച്ച ഫയലുകളിൽ തൊഴിലിനുള്ള അപേക്ഷകൾ കാണുവാൻ സാധിച്ചിട്ടുണ്ട് . എല്ലാ ഫയലുകളിലും( തൊഴിലിനുള്ള അപേക്ഷകൾ കാണുവാൻ സാധിച്ച ഫയലുകൾ) ഒരു നിർദ്ദിഷ്ട ഫോറത്തിൽ ഗ്രൂപ്പായാണ് അപേക്ഷ നൽകിയിരിക്കുന്നത്.

8. **തൊഴിൽ അനുവദിച്ചതിന്റെ പകർപ്പ്**

തൊഴിൽ അനുവദിച്ച കാര്യം രേഖാമൂലം തൊഴിലാളികളെ അറിയിക്കണമെന്നാണ് വ്യവസ്ഥ. പ്രവർത്തി അനുവദിച്ചുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ നൽകുന്ന അനുമതിയാണ് വർക്ക് അലോക്കേഷൻ. പ്രവർത്തി അനുവദിച്ചതിന്റെ പകർപ്പ് ഒരു ഫയലുകളിലും കാണാൻ സാധിച്ചിട്ടില്ല.

9. **മസ്റ്റർ റോൾ**

പ്രവർത്തി സ്ഥലത്ത് തൊഴിലാളികൾ ഹാജർ രേഖപ്പെടുത്തുന്ന രേഖയാണ് മസ്റ്റർ റോൾ. 13 ഫയലുകളിലും ഇത് കാണുവാൻ സാധിച്ചു . 13 ഫയലുകളിലെ മസ്റ്റർ റോളുകളിലും എം ബുക്ക് നമ്പർ, പേജ് നമ്പർ എന്നിവ കാണുവാൻ സാധിച്ചിട്ടില്ല. ചില മസ്റ്റർ റോളുകളിൽ വെട്ടിതിരുത്തലുകൾ കാണുവാൻ ഇടയായിട്ടുണ്ട്.

10. **മെഷർമെന്റ് ബുക്ക്**

പ്രവർത്തി ചെയ്ത അളവ് രേഖപ്പെടുത്തേണ്ട ആധികാരിക രേഖയാണ് മെഷർമെന്റ് ബുക്ക്. പരിശോധിച്ച് പ്രവർത്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട മെഷർമെന്റ് ബുക്ക് സൂക്ഷിച്ചിരുന്നതായി കാണാൻ സാധിച്ചു. മസ്റ്റർ റോളുകൾക്ക് പാർട്ടുകളായി വേതനം നൽകുന്നുണ്ട്. ഫയലുകളുടെ എസ്റ്റിമേറ്റ് മെഷർമെന്റ് ബുക്ക് എന്നിവ പരിശോധിക്കുന്ന സമയത്ത് എസ്റ്റിമേറ്റ് അളവുകൾ അതുപോലെതന്നെ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു.

11. **സാധന ഘടകം**

12 ഫയലുകളിൽ 1 ഫയലുകലിലെ സി ഐ ബി കാണുവാൻ സാധിച്ചിട്ടില്ല.

12.**വേജ് ലിസ്റ്റ്**

പരിശോധിച്ച 3 ഫയലുകളിൽ വെയ്ജ് ലിസ്റ്റ് കാണുവാൻ സാധിച്ചു എന്നാൽ മുഴുവൻ മസ്റ്റർ റോളുകളുടെയും വെയ്ജ് ലിസ്റ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ബാക്കി 10 ഫയലുകളിൽ വെയിജ് ലിസ്റ്റ് പൂർണ്ണമായും ഇല്ലായിരുന്നു

13 **എഫ് ടി ഓ**

ഡിജിറ്റൽ സംവിധാനത്തിലൂടെ ഓൺലൈൻ ആയിട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും പ്രസിഡണ്ടിന്റെയും ഒപ്പുകൾ രേഖപ്പെടുത്തുന്നത്.

പരിശോധിച്ച ഫയലുകളിൽ ഒന്നും തന്നെ F T O കാണാൻ കഴിഞ്ഞില്ല.

14. **മെറ്റീരിയൽ വൗച്ചർ**

ഒരു പ്രവർത്തിക്ക് സാങ്കേതിക എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാദിക്കുന്ന രേഖയാണ് മെറ്റീരിയൽ വൗച്ചർ.

13 വയലുകളിലും മെറ്റീരിയൽ വൗച്ചർ കാണുവാൻ സാധിച്ചു.

15. **റോയൽറ്റി**

റോയൽറ്റി നൽകിയ രേഖയാണോ എന്ന് അറിയുവാൻ സഹായിക്കുന്ന രേഖയാണിത്. പരിശോധിച്ച ഫയലുകളിൽ ഒന്നും കാണുവാൻ സാധിച്ചില്ല.

16 **ഫോട്ടോസ്**

പ്രവർത്തനവുമായി ബന്ധപ്പെട്ട് 3 ഘട്ടങ്ങളിലെ ഫോട്ടോകൾ ഫയലുകൾ സൂക്ഷിക്കേണ്ടതാണ് പ്രവർത്തി ആരംഭം, പ്രവർത്തനം നടന്നു കൊണ്ടിരിക്കുന്ന സമയത്ത്, പ്രവർത്തനം കഴിഞ്ഞതിനുശേഷം ഇങ്ങനെയുള്ള ഫോട്ടോകൾ ഒന്നും ഫയലിൽ കാണുവാൻ സാധിച്ചില്ല.

17. **പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് കോപ്പി**

പ്രവർത്തി പൂർത്തീകരിച്ചു എന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖയാണ് പ്രവർത്തി പൂർത്തീകരണം സാക്ഷ്യപത്രം.

13 ഫയലുകളിലും പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് കോപ്പി കാണുവാൻ സാധിച്ചു. എന്നാൽ വെള്ളപേപ്പറിൽ കൈപ്പടയിൽ എഴുതിയ കോപ്പിയാണ് കാണുവാൻ കഴിഞ്ഞത്.

18. **മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്**

ഒരു പ്രവർത്തിയുടെ ഓരോ ഘട്ടത്തിലും മസ്റ്റർ റോൾ അനുവദിച്ചു തൊഴിലാളികൾക്ക് വേതനം നൽകുന്നത് വരെയുള്ള ഓരോ ഘട്ടങ്ങളും ഏതൊക്കെ തിയ്യതികളിൽ നടന്നു എന്ന് മനസ്സിലാക്കാൻ ഉള്ളതാണ് മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്

13 ഫയലുകളിലും ഇത് കാണുവാൻ സാധിച്ചു എങ്കിലും വിവരങ്ങൾ അപൂർണമായിരുന്നു.

19. **ആസ്തിയുടെ ജിയോ ടാഗ് ഫോട്ടോകൾ**

പ്രവർത്തികൾ ജിയോടാഗ് ചെയ്തിട്ടുണ്ടോ എന്ന് അറിയുവാൻ സഹായിക്കുന്ന ഘടകമാണ് ജിയോ ടാഗ് ഫോട്ടോഗ്രാഫ്.ജിയോ ടാഗ്സ് ഫോട്ടോഗ്രാഫ് ഫയലിൽ കാണുവാൻ കഴിഞ്ഞില്ല. ഫയലിൽ ഇത് ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

20. **സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി**

ഒരു പ്രവർത്തിയുടെ നേരവകാശികളായ സാധാരണജനങ്ങൾ ആ പദ്ധതി അവലോകനം ചെയ്യുകയും പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന ജനകീയ ഇടപെടലാണ് സോഷ്യൽ ഓഡിറ്റ് തൊഴിലുറപ്പ് പദ്ധതിയുടെ സവിശേഷതയാണ് സോഷ്യൽ ഓഡിറ്റ്. തൊഴിലുറപ്പ് പദ്ധതിയിൽ പണം ചെലവഴിച്ചത് ശരിയായ രീതിയിലാണോ ലക്ഷ്യമിട്ട് അവകാശങ്ങളും ആനുകൂല്യങ്ങളും അർഹതപ്പെട്ടവർക്ക് ലഭിച്ചിട്ടുണ്ടോ നിർവഹണ രീതിയിൽ അപാകതകൾ ഉണ്ടായിട്ടുണ്ടോ പ്രതീക്ഷിച്ച നേട്ടം പദ്ധതി മൂലം ഉണ്ടായിട്ടുണ്ടോ എന്നെല്ലാം ജനങ്ങൾ നേരിട്ട് പരിശോധിക്കുന്ന ജനകീയ പ്രക്രിയയാണ് സോഷ്യൽ ഓഡിറ്റ്. സോഷ്യൽ ഓഡിറ്റ് ടീമിന് രേഖകളും ഫയലുകളും രജിസ്റ്ററുകളും പരിശോധിക്കുകയും പ്രവർത്തി സ്ഥലങ്ങൾ നേരിട്ട് പരിശോധിച്ച് അളവുകൾ ഒത്തു നോക്കുകയും ചെയ്യുന്നു. പ്രത്യേകം വിളിച്ചുചേർക്കുന്ന സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിലാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിക്കേണ്ടത് പ്രവൃത്തി സോഷ്യൽ ഓഡിറ്റിനു വിധേയമാണോ എന്ന് പരിശോധിക്കാൻ സഹായിക്കുന്ന രേഖയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്. ആറുമാസം കൂടുമ്പോൾ നടത്തേണ്ടതാണ്.

21 **സൈറ്റ് ഡയറി**

തൊഴിലുറപ്പ് പ്രവർത്തി സ്ഥലത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട നടക്കുന്ന എല്ലാ കാര്യങ്ങളും എഴുതി വെക്കുന്നതിനുള്ള രേഖയാണ് സൈറ്റ് ഡയറി. പ്രവർത്തി സ്ഥലം സന്ദർശിക്കുന്ന പൊതു പ്രവർത്തകരും സാധാരണക്കാരും അവരുടെ നിരീക്ഷണങ്ങളും അഭിപ്രായങ്ങളും ആക്ഷേപങ്ങളും എഴുതേണ്ടത് സൈറ്റ് ഡയറിയിൽ ആണ്. പ്രൊജക്റ്റ് മീറ്റിങ്ങിന്റെ മിനുട്സ് ഹാജർ സൈറ്റ് ഡയറിയുടെ ഭാഗമായി ഉൾപ്പെടുത്തേണ്ടതാണ്. തൊഴിലാളികൾക്

ക് തൊഴിൽ സ്ഥലത്ത് അനുവദിച്ചു ആയിരിക്കണം സൗകര്യങ്ങളുടെ വിവരങ്ങളും ഇതിൽ നിർബന്ധമായും എഴുതണം ഓരോ തൊഴിലാളിയും പണിസ്ഥലത്ത് കൊണ്ടുവന്നിരിക്കുന്ന പണിയായുധങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തണം. ജാഗ്രതാ സമിതിയുടെ റിപ്പോർട്ടും സൈറ്റ് ഡയറിയുടെ ഭാഗമായി ഉൾപ്പെടുത്തേണ്ടതാണ്.മേറ്റിന്റെ വിലാസവും ഫോൺ നമ്പറും കൃത്യമായി സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തേണ്ടതാണ്.

**ഗ്രാമപഞ്ചായത്തിനോട്**

• കൃത്യമായ ഇടവേളകളിൽ ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ എന്നിവ നടത്തുക.

• കൂടുതൽ പദ്ധതികളിൽ ഉൾപ്പെട്ടിരിക്കുന്നത് കയ്യാലകൾ ആണ് സ്ഥിര ആസ്തിയുള്ള പ്രവർത്തികൾ തിരഞ്ഞെടുക്കുക.

• വിദ്യാലയങ്ങൾക്ക് കളിസ്ഥലം ചുറ്റുമതിൽ എന്നിവ നിർമിച്ചു നൽകുക.

• ദേശീയ ഉപജീവന മിഷന്റെ (NRLM) സഹായത്തോടെ മെച്ചപ്പെട്ട രീതിയിലുള്ള തൊഴിൽ പരിശീലനം നൽകി കുറച്ചു തൊഴിലാളികളെ വിദഗ്ധ /അർദ്ധ വിദഗ്ധ തൊഴിലാളികൾ ആക്കി മാറ്റുക.

**ഉദ്യോഗസ്ഥരോട്**

•പ്രവർത്തി ഫയലിൽ സൂക്ഷിക്കേണ്ട രേഖകൾ കൃത്യമായി സൂക്ഷിക്കുക. കേന്ദ്ര സർക്കാരിന്റെ ഇക്കാര്യത്തിലുള്ള മാർഗ്ഗനിർദ്ദേശം കൃത്യമായി പാലിക്കേണ്ടതാണ്.

• മസ്റ്റർ റോൾ അനുവദിച്ച നൽകുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ തീയതിയോട് കൂടിയ ഉപ്പ്, സീൽ എന്നിവ ഉറപ്പാക്കുക.

• ലേബർ ബഡ്ജറ്റ് വാർഷിക പദ്ധതി, സെൽഫ് പ്രൊജക്റ്റ്, വർക്ക് കലണ്ടർ എന്നിവ തയ്യാറാക്കുന്നതിന് തൊഴിലാളികളുടെയും ഗുണഭോക്താക്കളുടെ യും പ്രാദേശിക വിദഗ്ധരുടെയും പങ്കാളിത്തം ഉറപ്പാക്കുക.

• കൃത്യമായ ഇടവേളകളിൽ തൊഴിൽ സ്ഥലങ്ങൾ സന്ദർശിക്കുക.

•തൊഴിലാളികൾ ആവശ്യപ്പെടുന്ന സമയങ്ങളിൽ കാലാവസ്ഥയ്ക്കനുസരിച്ച് പ്രകൃതി നൽകുക.

• പ്രവർത്തി സ്ഥലങ്ങളിൽ കുടിവെള്ളം തണൽ പ്രാഥമിക ചികിത്സാ സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുക.

## പ്രവർത്തി സംബന്ധിച്ച വിശദാംശങ്ങൾ

**1.ചെറുകാട് നീർത്തടത്തിൽ കോരമംഗലം ഭാഗം 1 കുടുംബങ്ങളുടെ ഭൂമിയിൽ ജല സംരക്ഷണ പ്രവർത്തികൾ( മണ്ണ് കയ്യാല കല്ല് കയ്യാല നിർമ്മാണം)**

wc:1604009004/wc/327887

10/10/18 ന് ആരംഭിച്ച പ്രവർത്തി 21/10/18 ന് അവസാനിച്ചു. ഈ പ്രവർത്തിയിൽ 789 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. 256000 രൂപ അടങ്കൽ തുകയുള്ള പ്രവർത്തിക്ക് 702 രൂപ പണിയായുധ വാടക ഇനത്തിലും 213819 രൂപ വേതന ഇനത്തിലും3000 രൂപ സൈറ്റ് ബോർഡ്. ഇനത്തിലും ചെലവായി.

പണികഴിഞ്ഞ ഫീൽഡുകൾ സന്ദർശിച്ചപ്പോൾ കയ്യാലകൾ നല്ലരീതിയിൽ കാണുവാൻ കഴിഞ്ഞു. തൊഴിലാളികളുമായുള്ള അഭിമുഖത്തിൽ വി എം സി ക്കാർ സൈറ്റ് സന്ദർശിക്കാറില്ലെന്നും സൈറ്റ് സന്ദർശിക്കുവാൻ കഴിയുന്നവരെ വി എം സിയിൽ ആക്കണമെന്നും തൊഴിലാളികൾ അഭിപ്രായപ്പെട്ടു. തൊഴിലിനുള്ള അപേക്ഷ പഞ്ചായത്തിൽ നൽകുമ്പോൾ കൈപ്പറ്റ് റസീത് നൽകാറില്ല എന്ന് മേറ്റ് സരോജിനി പറഞ്ഞു . കയ്യാല അളവെടുത്തപ്പോൾ 572 m നീളം അളവെടുക്കാൻ സാധിച്ചു. M book അളവ് പരിശോധിച്ചപ്പോൾ 1121m2 കയ്യാല കാണുവാൻ കഴിഞ്ഞു.

**2.ചെറുകാട് നീർത്തടത്തിൽ കോരമംഗലം ഭാഗം 2 കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ (കല്ല് കയ്യാല മണ്ണ് കയ്യാല നിർമ്മാണം.)**

Wc:1604009004/wc/333180

19/11/18 ന് ആരംഭിച്ച പ്രവർത്തി11/12/18 ന് അവസാനിച്ചു. ഈ പ്രവർത്തിയിൽ 761 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു.256000 രൂപ അടങ്കൽ തുകയുള്ള പ്രവർത്തിക്ക് 762 രൂപ പണിയായുധ വാടക ഇനത്തിലും 3000 രൂപ സൈറ്റ് ബോർഡ് ഇനത്തിലും, 206231 രൂപ വേതന ഇനത്തിലും ചെലവായി .

പ്രവർത്തി കഴിഞ്ഞ ഫീൽഡുകൾ സന്ദർശിച്ചപ്പോൾ ചില കയ്യാല നല്ല രീതിയിലും ചില കയ്യാലകൾ ഇടിഞ്ഞ രീതിയിലും കാണുവാൻ കഴിഞ്ഞു. തൊഴിലാളികളുമായുള്ള അഭിമുഖത്തിൽ സൈറ്റ് ബോർഡ് സമയാസമയങ്ങളിൽ കൃത്യമായി വെക്കുന്നില്ല എന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു. കയ്യാല കളുടെ പ്രവർത്തി ചെയ്യുമ്പോൾ അത് അളന്ന്

കിട്ടണമെന്നും തൊഴിലാളികൾ അഭിപ്രായപ്പെട്ടു. അളന്ന് കിട്ടാത്തതുകൊണ്ട് പലരും പല രീതിയിലാണ് പണിയെടുക്കുന്നത് എന്നും അഭിപ്രായപ്പെട്ടു. കയ്യാലകളുടെ അളവ് എടുത്തപ്പോൾ 508 m നീളം അളവെടുക്കാൻ സാധിച്ചു. M book പരിശോധിച്ചപ്പോൾ1355m2 കയ്യാല കാണുവാൻ സാധിച്ചു.

**3.ചെറുകാട് നീർത്തടത്തിൽ കോരമംഗലം ഭാഗം 3 കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവൃത്തികൾ (കല്ല് കയ്യാല മണ്ണ് കയ്യാല നിർമ്മാണം)**

Wc:1604009004/wc/334459

17/1/19 ന് ആരംഭിച്ച പ്രവർത്തി6/3/19ന് അവസാനിച്ചു. ഈ പ്രവർത്തിയിൽ 1375 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. 384000 രൂപ അടങ്കൽ തുകയുള്ള പ്രവർത്തിക്ക് 2750 രൂപ പണിയായുധ വാടക ഇനത്തിലും 372625 രൂപ വേതന ഇനത്തിലും 3000 രൂപ സൈറ്റ് ബോർഡ് ഇനത്തിലും ചെലവായി.

പ്രവർത്തി കഴിഞ്ഞ ഫീൽഡുകൾ സന്ദർശിച്ചപ്പോൾ കയ്യാലകൾ നല്ല രീതിയിൽ കാണുവാൻ കഴിഞ്ഞു. തൊഴിലാളികളും ആയുള്ള അഭിമുഖത്തിൽ വേതനം ലഭിക്കാത്തത് ഒരു പ്രധാന പ്രശ്നമായി തൊഴിലാളികൾ ഉന്നയിച്ചു. എസ്റ്റിമേറ്റ് അളവ് പ്രകാരമല്ല കയ്യാലകൾ നിർമ്മിക്കുന്നത് എന്നും ചില സമയങ്ങളിൽ എസ്റ്റിമേറ്റ് അളവിനേക്കാൾ കൂടുതലായോ കുറവായോ കയ്യാലകൾ നിർമ്മിക്കാറുണ്ട് എന്നും മേറ്റ് സരോജിനി പറഞ്ഞു. കയ്യാലകൾ അളവ് എടുത്തപ്പോൾ 479 മീറ്റർ നീളം അളവ് എടുക്കുവാൻ സാധിച്ചു. M book ലെ അളവ് പരിശോധിച്ചപ്പോൾ 1182m2 കയ്യാല കാണാൻ സാധിച്ചു.

**4.ചെറുകാട് നീർത്തടത്തിൽ ആറങ്ങാട്ട് കൊല്ലി ഭാഗം 1 കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ (കല്ല് കയ്യാല മണ്ണ് കയ്യാല നിർമ്മാണം)**

Wc:1604009004/wc/327884

1/10/18 ന് ആരംഭിച്ച പ്രവർത്തി 24/10/18 ന് അവസാനിച്ചു. ഈ പ്രവർത്തിയിൽ 895 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. 253000 രൂപ അടങ്കൽ തുകയുള്ള പ്രവർത്തിക്ക് 814 രൂപ പണിയായുധ വാടക ഇനത്തിലും 242545രൂപ വേതന ഇനത്തിലും ചെലവായി.

നല്ല രീതിയിലുള്ള പ്രവർത്തികളാണ് പ്രവർത്തി കഴിഞ്ഞ സ്ഥലം സന്ദർശിച്ചപ്പോൾ കാണുവാൻ കഴിഞ്ഞത്. തൊഴിലാളികളുമായുള്ള അഭിമുഖത്തിൽ 5 കിലോമീറ്ററിൽ കൂടുതൽ തൊഴിലാളികൾ സഞ്ചരിക്കാറുണ്ട് എന്നാൽ ഇതുവരെ യാത്രക്കൂലി ഒന്നും കിട്ടിയിട്ടില്ല എന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു. ഫസ്റ്റ്എയ്ഡ് ബോക്സ് ഓരോ

സൈറ്റിലും ലഭ്യമാക്കണമെന്ന് തൊഴിലാളി(അജിത ) അഭിപ്രായപ്പെട്ടു. 368.2m നീളത്തിൽ കയ്യാല അളവ് എടുക്കുവാൻ സാധിച്ചു. M book ൽ 2195m2 കയ്യാല കാണുവാൻ കഴിഞ്ഞു.

**5. ചെറുകാട് നീർത്തടത്തിൽ ആറങ്ങാട്ട് കൊല്ലി ഭാഗം 2 കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ (കല്ല് കയ്യാല മണ്ണ് കയ്യാല നിർമ്മാണം)**

Wc:1604009004/wc/333175

19/11/18 ന് ആരംഭിച്ച പ്രവർത്തി 20/12/18 ന് അവസാനിച്ചു. ഈ പ്രവർത്തിയിൽ 865 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. 253000 രൂപ അടങ്കൽ തുകയുള്ള പ്രവർത്തിക്ക് 1408 രൂപ പണിയായുധം വാടക ഇനത്തിലും 234415 രൂപ വേതന ഇനത്തിലും 3000 രൂപ സൈറ്റ് ബോർഡ് ഇനത്തിലും ചെലവായി.

നല്ല രീതിയിലുള്ള പ്രവർത്തികളാണ് സന്ദർശിച്ച പ്രവർത്തി സ്ഥലങ്ങളിൽ കാണാൻ കഴിഞ്ഞത്. തൊഴിലാളികളും ആയുള്ള അഭിമുഖത്തിൽ എസ്റ്റിമേറ്റിനെ കുറിച്ച് ഓവർസിയർ പറഞ്ഞു കൊടുക്കാറില്ല എന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു. വിഎംസി ക്കാർ സൈറ്റ് പരിശോധിക്കാൻ എത്താറില്ല എന്നു പറഞ്ഞു. കൃത്യസമയത്ത് വേതനം ലഭിക്കാത്തത് വലിയൊരു പ്രശ്നമായി തൊഴിലാളികൾ ഉന്നയിച്ചു. 481.7 m നീളത്തിൽ കയ്യാല അളവ് എടുക്കുവാൻ സാധിച്ചു. M book ൽ 1258m2 കയ്യാല കാണുവാൻ സാധിച്ചു.

**6.ചെറുകാട് നീർത്തടത്തിൽ ആറങ്ങാട്ട് കൊല്ലി ഭാഗം3 കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ ( കല്ല് കയ്യാല മണ്ണ് കയ്യാല നിർമ്മാണം)**

Wc:1604009004/wc/33444

പ്രവർത്തി ആരംഭിച്ച തീയതി 17/1/19 നും പ്രവർത്തി അവസാനിച്ച തീയതി 14/3/19 നും 1267 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. വേതന ഇനത്തിൽ 343357 രൂപയും വാടകയിനത്തിൽ 2534 രൂപയും നൽകിയിരിക്കുന്നത് കണ്ടു.

പ്രവർത്തി കഴിഞ്ഞ സ്ഥലങ്ങൾ പരിശോധിച്ചപ്പോൾ നല്ല രീതിയിലുള്ള പ്രവർത്തികൾ ആണ് കാണുവാൻ കഴിഞ്ഞത്. അളവെടുത്തപ്പോൾ 407.4 മീറ്റർ നീളത്തിൽ കയ്യാലകൾ കാണുവാൻ കഴിഞ്ഞു. എസ്റ്റിമേറ്റിനെ കുറിച്ച് ഓവർസിയർ വിശദീകരിച്ചു കൊടുക്കാറില്ല എന്നും പഞ്ചായത്തിൽ നിന്നും അധികൃതർ സൈറ്റ് പരിശോധിക്കുവാൻ വരാറില്ല എന്നും തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

**7.ചെറുകാട് നീർത്തടത്തിൽ കള്ളം കത്തിപ്പാറ ഭാഗം 1 കുടുംബങ്ങളുടെ ഭൂമിയിൽ ജല സംരക്ഷണ പ്രവർത്തികൾ ( മണ്ണ് കയ്യാല കല്ല് കയ്യാല നിർമ്മാണം)**

Wc:1604009004/wc/327886

10/10/18 ന് ആരംഭിച്ച പ്രവർത്തി 21/10/18 ന് അവസാനിച്ചു. ഈ പ്രവർത്തിയിൽ 850 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു.വേതന ഇനത്തിൽ 230350 രൂപയും വാടകയിനത്തിൽ 1761 രൂപയും നൽകിയിരുന്നു.

പ്രവർത്തി കഴിഞ്ഞ ഫീൽഡുകൾ സന്ദർശിച്ചപ്പോൾ നല്ല രീതിയിലുള്ള വർക്കുകൾ കാണുവാൻ സാധിച്ചു. സി ഐ ബി  കാണുവാൻ സാധിച്ചിട്ടുണ്ട്. എം ബുക്ക് പരിശോധിച്ചപ്പോൾ1815m2 കാണുവാൻ സാധിച്ചു. കയ്യാലകളുടെ അളവ് എടുത്തപ്പോൾ 650 മീറ്റർ നീളം കാണാൻ സാധിച്ചു. കൂടാതെ തണൽ സൗകര്യങ്ങളൊന്നും തൊഴിലാളികൾക്ക് ലഭ്യമാകുന്നില്ല എന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

**8.ചെറുക്കാട് നീർത്തടത്തിൽ  കള്ളംകൊത്തിപാറ  ഭാഗം 2 ജലസംരക്ഷണ പ്രവർത്തികൾ (കല്ല് കയ്യാല, മണ്ണ് കയ്യാല )**

WC:1604009004/WC/333177

പ്രവർത്തി  ആരംഭിച്ച  തീയതി 19-11-18ന്. പ്രവർത്തി അവസാനിച്ചത് 18-12-18നു. ഈ പ്രവർത്തിയിൽ  880 തൊഴിൽ ദിനങ്ങൾ  സൃഷ്ടിച്ചിരുന്നു.

വേതന ഇനത്തിൽ 238480 രൂപയും വാടക ഇനത്തിൽ 1809 രൂപയും നൽകിയിരിക്കുന്നു.

പ്രവർത്തി നടന്ന സ്ഥലങ്ങൾ സന്ദർശിച്ചപ്പോൾ നല്ല രീതിയിലുള്ള പ്രവർത്തികൾ കാണാൻ കഴിഞ്ഞു.  ഫയലിൽ ഉൾപെട്ടിരിക്കുന്ന ഷിജില, നാരായണി k.c എന്നിവരുടെ പ്രവർത്തി സന്ദർശിച്ചപ്പോൾ അവിടെ കഴിഞ്ഞ വർഷം പ്രവർത്തി ചെയ്തതായി കാണാൻ സാധിച്ചില്ല. കൂടാതെ ഭൂഉടമസ്ഥൻ ഉറപ്പിച്ചു പറഞ്ഞു കഴിഞ്ഞ വർഷം പണി എടുത്തിട്ടില്ല എന്നും, ആ ഭാഗത്ത് പണിയെടുക്കുന്ന മാറ്റിനെ ഫോണിൽ വിളിച്ചു ബന്ധപ്പെടാൻ ശ്രമിചെങ്കിലും ലഭിച്ചിരുന്നില്ല. M book പരിശോധിച്ചപ്പോൾ 1046m2 അളവ് കാണാൻ സാധിച്ചു. അളവെടുത്തപ്പോൾ 328m നീളത്തിൽ കയ്യാലകൾ നിർമ്മിച്ചതായി സാധിച്ചു.

**9. ചെറുക്കാട് നീർത്തടത്തിൽ കള്ളം കൊത്തിപ്പാറ ഭാഗം3 കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ (കല്ല് കയ്യാല മണ്ണ് കയ്യാല  നിർമ്മാണം)**

Wc:1604009004/wc/334451

പ്രവർത്തി ആരംഭിച്ച തീയതി 17/1/19, പ്രവർത്തി അവസാനിച്ച തീയതി 7/3/19 നു. ഈ പ്രവർത്തിയിൽ1389 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിരിന്നു. വേതന ഇനത്തിൽ 376419 രൂപയും നൽകിയിരുന്നു.

പ്രവർത്തി നടന്ന സ്ഥലങ്ങൾ സന്ദർശിച്ചപ്പോൾ നല്ല രീതിയിലുള്ള പ്രവർത്തികൾ ആണ് കാണുവാൻ കഴിഞ്ഞത്. തൊഴിലാളികളും ആയുള്ള അഭിമുഖത്തിൽ അറിയാൻ കഴിഞ്ഞത് കാലതാമസം എടുത്താണ് കൂലി ലഭിക്കുന്നതെന്നും അത് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു. പന്നി ശല്യം കാരണം കയ്യാലകൾ നശിച്ചുപോകുന്നു എന്നും അവർ പറയുന്നു.M book പരിശോധിച്ചപ്പോൾ 1129 മീറ്റർ സ്ക്വയർ കാണുവാൻ കഴിഞ്ഞു. അളവ് എടുത്തപ്പോൾ 408 മീറ്റർ നീളത്തിൽ കയ്യാലകൾ അളവെടുക്കാൻകഴിഞ്ഞു.

**10.ചെറുക്കാട് നീർത്തടത്തിൽ ചോലക്കൽ ഭാഗം കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ (കല്ല് കയ്യാല മണ്ണ് കയ്യാല നിർമ്മാണം)**

Wc:1604009004/wc/327885

ഈ പ്രവർത്തി ആരംഭിച്ച തീയതി 10/1/18 ന് അവസാനിച്ചത്21/10/18 ന്. 254000 രൂപ അടങ്കൽ തുകയുള്ള പ്രവർത്തിക്ക് 788 തൊഴിൽ ദിനങ്ങളാണ് സൃഷ്ടിച്ചത്. ഈ പ്രവർത്തിയിൽ വേതന ഇനത്തിൽ 213548 രൂപയും വാടക ഇനത്തിൽ 1425 രൂപയും ചെലവായതായി കണ്ടു.

പ്രവർത്തി കഴിഞ്ഞ ഫീൽഡ് സന്ദർശിച്ചപ്പോൾ വർക്കുകൾ നല്ല രീതിയിൽ കാണാൻ സാധിച്ചു. ഈ വർക്കിന് ബോർഡ് കാണാൻ സാധിച്ചിട്ടില്ല. തൊഴിലാളികളുമായുള്ള അഭിമുഖസംഭാഷണത്തിൽ അറിയുവാൻ കഴിഞ്ഞത് കാലാവസ്ഥയ്ക്ക് അനുയോജ്യമായ സമയത്ത് പ്രവർത്തികൾ ലഭിക്കുന്നില്ല. ഫയലിൽ പറഞ്ഞിരിക്കുന്ന ചില ഭൂ ഉടമകളുടെ സ്ഥലത്ത് പ്രവർത്തികൾ ഒന്നും ചെയ്തതായി കാണാൻ സാധിച്ചിട്ടില്ല, പകരം മറ്റ് ഭൂവുടമകളുടെ പറമ്പിൽ പണിയെടുത്തതായി തൊഴിലാളികൾ പറയുന്നു. എം ബുക്ക് പരിശോധിച്ചപ്പോൾ 1363m2

കാണുവാൻ സാധിച്ചു. ഫീൽഡ് പരിശോധനയിൽ 420 മീറ്റർ നീളത്തിൽ കയ്യാലകൾ അളവെടുക്കാൻ സാധിച്ചു.

**11.ചെറുക്കാട് നീർത്തടത്തിൽ ചോലക്കൽ ഭാഗം 2 കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ**

Wc:1604009004/wc/333176

19-11-18 ന് ആരംഭിച്ച പ്രവർത്തി പൂർത്തീകരിച്ചത്11-12-18ന്. 254000 രൂപ അടങ്കൽ തുകയുള്ള പ്രവർത്തിക്കി 905 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. വേതന ഇനത്തിൽ245255 രൂപയും വാടകയിനത്തിൽ 1646 രൂപയും ചെലവാക്കിയതായി കണ്ടു.

പ്രവർത്തികൾ നല്ല രീതിയിൽ കാണാൻ സാധിച്ചുവെങ്കിലും ചെയ്ത പ്രവർത്തിയുടെ മുകളിൽ വീണ്ടും പ്രവർത്തി ചെയ്തതായി കാണാൻ കഴിഞ്ഞു. ഈ വർക്കിന്റെ ബോർഡ് കാണാൻ സാധിച്ചിട്ടുണ്ട്. ഫയൽ ഇല്ലാത്ത ഭൂവുടമയുടെ പറമ്പിൽ പണിയെടുത്തതായി കണ്ടു. ഫസ്റ്റ് എയ്ഡ് ബോക്സ് തണൽ എന്നിവ പ്രവർത്തി സ്ഥലത്ത് ലഭ്യമാകുന്നില്ല. കുടിവെള്ളം സൈറ്റിൽ ലഭ്യമാകുന്നുണ്ട് എന്നു തൊഴിലാളി പറഞ്ഞു. കാലാവസ്ഥയ്ക്ക് അനുസരിച്ച് ഇടവിള കൃഷി ചെയ്യുവാൻ അനുമതി ലഭിക്കുന്നില്ലെന്ന് തൊഴിലാളി അഭിപ്രായപ്പെട്ടു. എമ്പക്കം പരിശോധിച്ചപ്പോൾ രണ്ടായിരത്തി 2248 m2 അളവ് കാണാൻ സാധിച്ചു. ഫീൽഡിൽ കയ്യാലകളുടെ അളവെടുത്തപ്പോൾ 325 നീളത്തിൽ അളവെടുക്കാൻ സാധിച്ചു.

**12. ചെറുകാട് നീർത്തടത്തിൽ ചോലക്കൽ ഭാഗം 3 കുടുംബങ്ങളുടെ ഭൂമിയിൽ ജല സംരക്ഷണ പ്രവർത്തികൾ( കല്ല് കയ്യാല മണ്ണ് കയ്യാല നിർമ്മാണം)**

Wc:1604009004/wc/334456

12-01-2019 ന് ആരംഭിച്ച പ്രവർത്തി 27-2-19 ന് അവസാനിച്ചു. ഈ പ്രവർത്തിയിൽ 1388 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 385000 രൂപ അടങ്കൽ തുകയുള്ള പ്രവർത്തിക്കി 376148 രൂപ വേതന ഇനത്തിലും 2968 രൂപ വാടക ഇനത്തിലും ചെലവഴിച്ചിട്ടുണ്ട്.

പ്രവർത്തി കഴിഞ്ഞ ഫീൽഡ് സന്ദർശിച്ചപ്പോൾ നല്ല രീതിയിലുള്ള വർക്കുകൾ ആണ് കാണാൻ സാധിച്ചത്. പ്രവർത്തി കഴിഞ്ഞതിന്റെ ബോർഡ് കാണാൻ സാധിച്ചു.

തൊഴിലാളികളുമായുള്ള അഭിമുഖ സംഭാഷണത്തിൽ തൊഴിലാളികൾക്ക് 100 പണി ലഭിക്കുന്നുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. എം ബുക്ക് പരിശോധിച്ചപ്പോൾ 3503 m2

അളവ് കാണാൻ കഴിഞ്ഞു. ഫീൽഡിൽ 432  നീളത്തിൽ കയ്യാല നിർമ്മിച്ചതായി അളവെടുക്കാൻ സാധിച്ചു.

**13.കാരകുളങ്ങര ചോലക്കൽ റോഡ് നിർമ്മാണം 2018-19**

Wc:1604009004/RC/279853

13/3/19 ന് ആരംഭിച്ച പ്രവർത്തി 20/3/19 ന് അവസാനിച്ചു. ഈ പ്രവർത്തിയിൽ വിദഗ്ധ തൊഴിലാളികൾ 47 തൊഴിൽ ദിനങ്ങളും അവിദഗ്ധ തൊഴിലാളികൾ 96 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. വേതന ഇനത്തിൽ വിദഗ്ധ തൊഴിലാളികൾക്ക് 26016 രൂപയും അവിദഗ്ധ തൊഴിലാളികൾക്ക്40680 രൂപയും ചെലവഴിച്ചിട്ടുണ്ട്. എം ബുക്ക് പരിശോധിച്ചപ്പോൾ 27m3 കാണാൻ സാധിച്ചു. റോഡിന്റെ അളവെടുത്തപ്പോൾ119 മീറ്റർ നീളവും 3.5 മീറ്റർ വീതിയും കാണാൻ സാധിച്ചു. പ്രവർത്തി കഴിഞ്ഞതിന്റെ ബോർഡ് കാണാൻ സാധിച്ചിട്ടുണ്ട്

**.ഗ്രാമസഭ റിപ്പോർട്ട്**

കൃത്യം 2.30 ന് ഗ്രാമസഭ ആരംഭിച്ചു. മെമ്പർ ബീനപ്രഭ സ്വാഗതം പറഞ്ഞു. അധ്യക്ഷസ്ഥാനത്തേക്ക് തൊഴിലാളികളിൽ ഒരാളായ നാരായണൻ എന്ന തൊഴിലാളിയെ തെരഞ്ഞെടുത്തു. ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ, പ്രസിഡന്റ് ശ്രീമതി പത്മജ, 145 തൊഴിലാളികൾ എന്നിവർ പങ്കെടുത്തു. പ്രതിജ്ഞ വി ആർ പി അനുശ്രീ രാജ് ചൊല്ലിക്കൊടുത്തു ശേഷം വി ആർ പി അഞ്ജുഷ ആമുഖവും അവകാശങ്ങളും പറഞ്ഞുകൊടുത്തു. ഫയൽ പരിശോധനയുടെ റിപ്പോർട്ട് വി ആർ പി അനുശ്രീ രാജ് അവതരിപ്പിച്ചു. ഫീൽഡ് പരിശോധനയുടെ റിപ്പോർട്ട് വി ആർ പി അഞ്ജുഷ അവതരിപ്പിച്ചു.

ചർച്ചയിൽ വിഷയമായത്

* കൂലി കിട്ടാത്തത് വലിയൊരു പ്രശ്നമായി തൊഴിലാളികൾ അഭിപ്രായപ്പെട്ടു- പഞ്ചായത്തിൽ നിന്നും എല്ലാ നടപടികളും എടുക്കുന്നുണ്ട് എന്നാൽ ഫണ്ട് വൈകുന്നത് കൊണ്ടാണ് വേതനം ലഭിക്കാത്തതെന്ന് പ്രസിഡന്റ് മറുപടി പറഞ്ഞു.

* പ്രവർത്തി ചെയ്യുമ്പോൾ ഓരോ തൊഴിലാളിക്കും അളന്നിട്ടു കൊടുക്കണം- ഓരോ തൊഴിലാളിക്കും  അളന്നിട്ടു കൊടുക്കുമ്പോൾ തൊഴിലുറപ്പിന് കാലദൈർഘ്യം ഉണ്ടാകും. അതുകൊണ്ടുതന്നെ പഞ്ചായത്ത് തലത്തിൽ ഇത് ആലോചിക്കാം എന്ന് പ്രസിഡണ്ട് മറുപടി പറഞ്ഞു.

* ഫസ്റ്റ് എയ്ഡ് ബോക്സ് ലഭിക്കുന്നില്ല- അടുത്ത പണി യോടു കൂടി എല്ലാ സൈറ്റുകളിലും ഫസ്റ്റ് എയ്ഡ് ബോക്സിൽ ലഭിക്കുമെന്ന് പ്രസിഡണ്ട് അറിയിച്ചു.

* തണൽ ലഭിക്കുന്നില്ല-  തണലിനായി ഉള്ള ഷീറ്റ് എല്ലാ സൈറ്റുകളിലും എത്തിക്കാൻ ബുദ്ധിമുട്ടാകും എന്ന് മറുപടി പറഞ്ഞു.

* ഒരു പറമ്പിൽ എത്ര ദിവസം പണിയെടുക്കാം- പരമാവധി

പരാതി ഇല്ലാത്ത രീതിയിൽ നിൽക്കുക എന്ന് മറുപടി പറഞ്ഞു.

* തൊഴിൽ കാർഡ് ലഭിച്ചിട്ടില്ല- ബ്ലോക്ക് തലത്തിൽ നിന്ന് തൊഴിൽകാർഡ് അനുവദിച്ചു കിട്ടിയിട്ടില്ല എന്നാണ്. പ്രസിഡെൻറ്  മറുപടി നൽകിയത്.

* അംഗനവാടിയിൽ കുട്ടികളെ എത്തിക്കാൻ പ്രത്യേക സമയം വേണം- അത് അനുവദിക്കാൻ കഴിയില്ല എന്ന് മറുപടി നൽകി.

* തൊഴിലുറപ്പു പ്രവർത്തിക്ക് ഇറങ്ങുമ്പോൾ സമയം 9.5 ആകാമോ- അതു പറ്റില്ല കൃത്യം 9 മണിക്ക് പ്രവർത്തി ആരംഭിക്കണം എന്നാണ് പ്രസിഡണ്ട് മറുപടി നൽകിയത്.

* അടുത്ത മരണം സംഭവിച്ചാൽ ലീവ് നൽകിക്കൂടെ- അത് പറ്റില്ല, പ്രവർത്തി ചെയ്യുന്ന വീട്ടിലോ തൊട്ട് അടുത്ത വീട്ടിലോ ആണ് മരണം സംഭവിക്കുന്നതെങ്കിൽ വീട്ടിൽ നിന്നും മാറി കൊടുക്കണം എന്ന് പ്രസിഡന്റ് മറുപടി നൽകി.

ഗീത എന്ന തൊഴിലാളി നന്ദിപറഞ്ഞുകൊണ്ട് 4 മണിയോടെ ഗ്രാമസഭ അവസാനിപ്പിച്ചു.